പത്രക്കുറിപ്പ്
21-12-2017

# ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ- കുടുംബശ്രീ പരിശീലന പരിപാടി പൂർത്തിയായി

---

തിരുവനന്തപുരം: ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും കുടുംബശ്രീയും സംയുക്തമായി കുടുംബശ്രീ സൂക്ഷ്മ സംരംഭക കൾസൾട്ടന്റുമാർക്ക് (എംഇസി) സംഘടിപ്പിച്ച പരിശീലന പരിപാടി പര്യവസാനിച്ചു. പത്ത് ദിനം നീണ്ട പരിശീലനം പൂർത്തിയാക്കിയ 16 കുടുംബശ്രീ എംഇസിമാർക്കും ഐഎൽഒ സർട്ടിഫിക്കറ്റും ലഭിച്ചു. ഐക്യരാഷ്ട്ര സഭയുടെ ഏജൻസിയായ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ അന്താരാഷ്ട്ര തലത്തിൽ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. അന്താരാഷ്ട്ര തൊഴിൽ മാനദണ്ഡങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ, സാമൂഹ്യ സുരക്ഷ, ഏവർക്കും തൊഴിൽ അവസരങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകൾ ഇതിൽ ഉൾപ്പെടും.

ഐഎൽഒ ഇന്റർനാഷണൽ ട്രെയിനർമാരായ ഐസക് സിങ്, ഖലീൽ ഉൽ റഹ്മാൻ എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എംഇസിമാർക്ക് സ്റ്റാർട്ട് ആൻഡ് ഇംപ്രൂവ് യുവർ ബിസിനസ് (എസ്ഐവൈബി- ബിസിനസ് ആരംഭിക്കുക, മെച്ചപ്പെടുത്തുക) എന്ന വിഷയം അടിസ്ഥാനമാക്കിയുള്ള പരിശീലനമാണ് നൽകിയത്. ട്രെയിനിങ് ഫോർ ട്രെയിനേഴ്സ് എന്ന വിഭാഗത്തിലായിരുന്നു പരിശീലനം. ഉപജീവന മാർഗ്ഗമെന്ന നിലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് പ്രാദേശിക തലത്തിൽ അവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നത് എംഇസിമാരാണ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നത് മുതൽ ബിസിനസ് കൗൺസിലിങ്, മാർക്കറ്റിങ്, അവശ്യമായ പരിശീലനങ്ങൾ എന്നിവയെല്ലാം നൽകി വനിതാ സൂക്ഷ്മ സംരംഭകരെ വിജയത്തിലെത്തിക്കാനുള്ള പരിശ്രമങ്ങളാണ് എംഇസിമാർ നടത്തുന്നത്.

അന്താരാഷ്ട്ര തലത്തിൽ പരീക്ഷിച്ച് വിജയം കൈവരിച്ച മികച്ച പരിശീലന രീതികളാണ് ഐഎൽഒ മാസ്റ്റർ ട്രെയിനർമാർ കുടുംബശ്രീ പ്രവർത്തകർക്ക് നൽകിയത്. കേരളത്തിലെ സൂക്ഷ്മ സംരംഭകത്വ വികസനത്തിന് ഈ പരിശീലന പരിപാടി ഏറെ തുണയാകും. ഇപ്പോൾ കേരളത്തിലാകെ മുപ്പതിനായിരത്തിലേറെ സൂക്ഷ്മ സംരംഭങ്ങളാണ് കുടുംബശ്രീയ്ക്ക് കീഴിലുള്ളത്. സമാപന ചടങ്ങിൽ കുടുംബശ്രീ ഡയറക്ടർ എസ്. നിഷ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രമേഷ് ചന്ദ്രൻ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എൻ.എസ്. നിരഞ്ജന, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ അഖില ദേവി എന്നിവർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ